No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – 2020 കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2020 വർഷത്തെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിന് അപേക്ഷിച്ച വിവിധ സംവരണത്തിന് അർഹരായവരുടെ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. **KEAM 2020**ന് അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് 11.05.2020 ലെ വിജ്ഞാപനപ്രകാരം അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും കാറ്റഗറി പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും അവസരം നൽകിയിരുന്നു. നിശ്ചിത തീയതിക്കകം സംവരണം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് www.cee.kerala.gov.in എന്ന വെബ് സൈറ്റിലെ **'KEAM 2020 Candidate Portal'** ൽ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരിൽ ഇപ്പോഴും നേറ്റിവിറ്റി സംബന്ധമായ അപാകതകൾ നിലനിൽക്കുന്നവെങ്കിൽ അവ പരിഹരിക്കുന്നതിന് 08.11.2020 ഉച്ചയ്ക്ക് 2 മണിവരെ സമയം അനുവദിക്കുന്നതാണ്. നിശ്ചിത സമയത്തിനകം ഈ രേഖകളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ്പ് ലൈൻ : 0471 2525300**

Seetha

തിരുവനന്തപുരം
06.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**